**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5745** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻട്രപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്-ന്റെ പ്രവർത്തനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എം.വിജിൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പൊതു ജനങ്ങളിൽ സംരംഭകത്വം വളർത്തി അവരെ കൂടുതൽ തൊഴിലിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻട്രപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്(കീഡ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻട്രപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (കീഡ്) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. ഇതിന്റെ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ ഭരണസമിതി (ഗവേണിങ് കൗൺസിൽ) സമയബന്ധിതമായി വിലയിരുത്തുന്നുണ്ട്. |
| (ബി) | കീഡ് -നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കീഡ്-നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കുവാൻ കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മേൽ റിപ്പോർട്ട് 14/09/2021-ൽ കൂടിയ കീഡിന്റെ ഭരണസമിതി വിശദമായി പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതാകുന്നു. തുടർപ്രവർത്തനങ്ങൾ സമയബന്ധതമായി നടപ്പിലാക്കി വരുന്നു. |
| (സി) | കീഡിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾതോറും സംരംഭ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എന്തൊക്കെ ലക്ഷ്യങ്ങളാണ് ഇതിലൂടെ നേടാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | കീഡിന്റെ ആഭിമുഖ്യത്തിൽ എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ സംരംഭക വികസന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മൂല്യവർദ്ധിത ജോലികളും സേവനങ്ങളും സൃഷ്ടിക്കുക, സാങ്കേതിക വിദ്യ കൈമാറുന്നതിനുള്ള സൗകര്യമൊരുക്കുക, ജനങ്ങളിൽ സംരംഭകത്വ മാനോഭാവം വളർത്തുക, നൈപുണ്യ വികസനത്തിൽ പരിശീലനം, ഗവേഷണം, സ്റ്റാർട്ടപ്പ് വികസനം, വായ്പ സുഗമമാക്കൽ, കയറ്റുമതി പ്രോത്സാഹനം, മറ്റ് അനുബന്ധ സേവനങ്ങൾ നൽകൽ എന്നിവയാണ് ജില്ലാതല സംരംഭക വികസന കേന്ദ്രങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. എറണാകുളത്ത് അങ്കമാലിയിൽ ആദ്യത്തെ സംരംഭക വികസന കേന്ദ്രം ഉദ്ഘാടനത്തിനു സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ കഴിയും. മറ്റു കേന്ദ്രങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികൾ അതിവേഗത്തിൽ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ